**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1526** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>മോഡൽ റസിസൻഷ്യൽ പോളിടെക്നിക് കോളേജ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ മൂന്ന് കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ നിർമിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ സ്ട്രക്ചറിന്റെ മെയിൻ സ്ലാബ് കോൺക്രീറ്റ് ചെയ്തു കഴിഞ്ഞിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്നറിയിക്കാമോ;

**<u>മറുപടി:</u>** 2027 മാർച്ച് 31-ന് മുമ്പായി പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(സി)** പ്രസ്തുത മണ്ഡലത്തിലെ ശ്രീനാരായണ കോളേജിലെ സെന്റർ ഫോർ സ്കിൽ ഡവലപ്മെന്റ് കോഴ്സ് & കരിയർ പ്ലാനിംഗ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

**<u>മറുപടി:</u>** ആലത്തൂർ ശ്രീനാരായണ കോളേജിലെ സെന്റർ ഫോർ സ്കിൽ ഡവലപ്മെന്റ് കോഴ്സ് & കരിയർ പ്ലാനിംഗ് (സ്കിൽ സെന്റർ & കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെൽ) വിദ്യാർത്ഥികളുടെ നൈപുണ്യ വികസനവും തൊഴിൽ ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ച വരുന്നു. സാമ്പത്തിക ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ (സ്കിൽ സെന്റർ കോർഡിനേറ്റർ), ഗണിതശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ (കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെൽ കോർഡിനേറ്റർ) എന്നിവരാണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. തൊഴിൽ മേഖലയിലെ പുതിയ സാധ്യതകൾ പരിചയപ്പെടുന്നതിനും പ്രായോഗിക നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനുമായി, ഈ മേഖലയിൽ വിജയകരമായി പ്രവർത്തിച്ചുവരുന്ന ജില്ലയിലെ വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് പരിപാടികൾ സംഘടിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി 79 വിദ്യാർത്ഥികൾ ഡിജിറ്റൽ മാർക്കറ്റിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കോളേജും ജി ടെക് (G TEC) എന്ന സ്ഥാപനവും ചേർന്ന് നടത്തിയ സർട്ടിഫിക്കറ്റ് കോഴ്സിൽ 20 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയിട്ടുമുണ്ട്.

ഇതിനു പുറമേ ICA, ICS, KELTRON, G TEC തുടങ്ങിയ വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും, അവ നൽകിവരുന്ന നൂതന സാങ്കേതിക കോഴ്സുകൾ വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സെമിനാറുകളും കരിയർ

ബോധവൽക്കരണ ക്ലാസുകളും, ഫോർച്യൂൺ ഐ.എ.എസ്. അക്കാദമിയുമായി ചേർന്ന് സിവിൽ സർവീസ് അവബോധ ക്ലാസുകളും ഇവിടെ നടത്തിവരുന്നുണ്ട്.

**(ഡി)** നിലവിൽ ഈ സ്ഥാപനത്തിൽ എത്ര പരിശീലനാർത്ഥികൾ ഉണ്ട് എന്നറിയിക്കാമോ;

**മറുപടി:** നിലവിൽ 50 പരിശീലനാർത്ഥികളാണുള്ളത്.

**(ഇ)** മുൻകാലങ്ങളിൽ ഇവിടെ നിന്നും പരിശീലനം പൂർത്തിയാക്കിയവരിൽ എത്ര പേർക്ക് വിവിധ തൊഴിൽ മേഖലകളിലേക്ക് പ്രവേശനം നേടുവാൻ സാധിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ?

**മറുപടി:** ഈ സ്ഥാപനത്തിനു കീഴിൽ വിവിധ പരിശീലന പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികൾ പരിശീലനം നേടിയിട്ടുണ്ട്. മുൻകാലങ്ങളിൽ ഇവിടെ നിന്നും പരിശീലനം പൂർത്തിയാക്കിയവരിൽ എത്ര പേർക്ക് വിവിധ തൊഴിൽ മേഖലകളിലേക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല.

**സെക്ഷൻ ഓഫീസർ**